"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.യു.ഡി.പി. - തിരുവനന്തപുരം നഗരത്തിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി - A.R.No.27/2010-ലെ ആർബിട്രേഷൻ ട്രിബ്യൂണലിന്റെ 12/03/2015-ലെ അവാർഡ് നടപ്പാക്കുന്നതിനായി, അമൃത് മിഷൻ ഡയറക്ടറുടെ പേരിലുള്ള JnNURM അക്കൗണ്ടിൽ ലഭ്യമായ പലിശയിനത്തിലുള്ള തുകയിൽനിന്നും 1,56,83,702/- രൂപ പദ്ധതിയുടെ കരാറുകാരന് അനുവദിക്കുന്നതിന് അമൃത് മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1277/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/06/2020

---

പരാമർശം:- 1 ബഹു.ഹൈക്കോടതിയുടെ A.R.No.27/2010-ലെ 19/01/2011-ലെ ഉത്തരവ്

2. A.R.No.27/2010-ലെ 12/03/2015-ലെ അവാർഡ്
3. 16.05.2019 ലെ സ.ഉ(സാധാ) നം.998/2019/ത.സ്വ.ഭ.വ.
4. 20.11.2019, 21.01.2020, 07.02.2020 എന്നീ തീയതികളിലെ അമൃത് മിഷൻ ഡയറക്ടറുടെ എ1-1105/2011/കെ.എസ്.യു.ഡി.പി നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായി സി.ആർ.ഡി.പി. മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ കരാറുകാരനായ ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത A.R.No.27/2010 കേസിലെ പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകൃതമായ ആർബിട്രേഷൻ ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അവാർഡ് നടപ്പാക്കുന്നതിനായി പരാമർശം (3) പ്രകാരം 1006.56 ലക്ഷം രൂപ അമൃത് മിഷൻ ഡയറക്ടർക്ക് അനുവദിച്ചിരുന്നു. ടി തുകയിൽ, ആർബിട്രേഷൻ ട്രിബ്യൂണൽ ഉത്തരവ നടപ്പാക്കി കിട്ടുന്നതിനായി കരാറുകാരൻ എക്സിക്യൂഷൻ പെറ്റീഷൻ (EP No.641/2015) ഫയൽ ചെയ്ത തീയതിയായ 21/08/2015 വരെയുള്ള ആർബിട്രേഷൻ അവാർഡ് തുകയും പ്രസ്തുത തീയതി വരെയുള്ള പലിശയും ചേർത്ത് 9,13,39,702/- രൂപ ബഹു: തിരുവനന്തപുരം ജില്ലാ കോടതിയിൽ 26/06/2019-ന് അമൃത് മിഷൻ ഡയറക്ടർ ഒടുക്കിയിരുന്നു. തുടർന്ന് ഹർജിക്കാർ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത തീയതി മുതൽ പണം ഒടുക്കുന്നതുവരെയുള്ള പലിശ ലഭിക്കുന്നതിന് ഹർജിയിലൂടെ ആവശ്യപ്പെടുകയും അമൃത് മിഷൻ ആവശ്യപ്പെട്ട പ്രകാരം

മീഡിയേഷന് കേസ് മാറ്റുകയും ചെയ്തു. അതിൻപ്രകാരം മീഡിയേറ്ററെ നിയമിച്ച നെഗോസിയേഷന് അപേക്ഷ സമർപ്പിക്കുകയും നെഗോസിയേഷനിൽ 2,50,00,000/- രൂപയ്ക്ക് ധാരണയായിട്ടുണ്ടെന്നും അതിനാൽ പരാമർശം (3) പ്രകാരം അനുവദിച്ച തുകയിൽ ബാക്കിയുള്ള 93,16,298/- രൂപയ്ക്ക് പുറമേ 1,56,83,702 രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും അമൃത് മിഷൻ ഡയറക്ടർ പരാമർശം (4) കത്തുകൾ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവാർഡ് നടപ്പാക്കി കിട്ടുന്നതിന് ഹർജിക്കാർ എക്സിക്യൂഷൻ പെറ്റീഷൻ (EP No.641/2015) ഫയൽ ചെയ്തിട്ടുള്ളതിനാൽ ടി തുക മിഷൻ ഡയറക്ടറുടെ പേരിൽ നിലവിലുള്ള അക്കൗണ്ടിൽ ലഭ്യമായ ജെ.എൻ.എൻ.യു.ആർ.എം. പലിശയിനത്തിലുള്ള തുകയിൽ നിന്നും ഒടുക്കുന്നതിനുള്ള അനുമതി നല്കണമെന്നും പരാമർശം(4) പ്രകാരം അമൃത് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ കരാറുകാരായ ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് ഫയൽ ചെയ്ത A.R.No.27/2010 കേസിലെ ആർബിട്രേഷൻ ട്രിബ്യൂണലിന്റെ 12/3/2015-ലെ അവാർഡ് നടപ്പാക്കുന്നതിനായി, അമൃത് മിഷൻ ഡയറക്ടറുടെ പേരിലുള്ള JnNURM അക്കൗണ്ടിൽ ലഭ്യമായ പലിശയിനത്തിലുള്ള തുകയിൽനിന്നും 1,56,83,702/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ കേസിൽ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരിൽ നടപടികൾ തുടരേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

മിഷൻ ഡയറക്ടർ, "AMRUT", തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധന വകുപ്പ് (03.06.2020 തിയ്യതിയിലെ ഡെവ.2/90/2019-ധന പ്രകാരം )

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ